
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

// ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 February 1997 No. 11

## എഡിറ്റോറിയൽ

അപ്രതീക്ഷിതമായി പലതും നമ്മുടെ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കയാണല്ലൊ. മുൻകരുതലുകൾ എടുക്കുവാൻ മനുഷ്യർ ആരംഭം മുതൽ ശീലിച്ചു വരുന്നുണ്ട്. ഒന്നിൽ മുൻകരുതൽ എടുക്കുമ്പോൾ മറെറാരു സംഭവം ഉണ്ടാകുന്നു എന്നതു പകൽ പോലെ പരമാർത്ഥമാണ്. സമൃദ്ധിയുള്ളവർ ഇല്ലായ്മയെ കുറിച്ച് ചിന്തിക്കുന്നതു നഷ്ടപ്പെടുന്ന സമയത്താണ്. മുറിവിന്റെ വേദന ശരിയായി തിരിച്ചറിയുന്നതു സ്വന്തം ശരീരത്തിൽ അനുഭവപ്പെടുമ്പോഴാണ്. നമ്മുടെ ജീവിതാനുഭവങ്ങൾ എല്ലാം തന്നെ നമ്മെ പഠിപ്പിക്കുന്ന ഓരോ പാഠങ്ങൾ ആണ്. ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ അതുണ്ടായിക്കൊണ്ടിരിക്കും. അതിന്റെ ഫലവും കാരണവും നാം വാസ്തവത്തിൽ മനസിലാക്കുന്നുണ്ടോ?

പെട്ടെന്നു തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലം നിന്നുപോയപ്പോൾ നഗരവാസികൾ പരിഭ്രാന്തിയിലായി. കിണറുകളിലേക്കും മററു ശുദ്ധ ജല സംഭരണികളിലേക്കും ആളുകൾ ഓട്ടമായി. ഇതിനിടയിൽ ഉദ്യോഗസ്ഥ വീഴ്ച്ചയെന്നും ഭരണ വീഴ്ച്ചയെന്നും കുററപ്പെടുത്തി പ്രതിഷേധിച്ചവരുണ്ട്. ഗുരുതരമായ കൃത്യ വിലോപം എന്നു വെച്ച് അന്വേഷണത്തിനും ഉത്തരവിട്ടു. കാരണം ഇതിന്റെ പിന്നിൽ പലതും നമു

ക്കു കണ്ടെത്താം. ഏതു സമൃദ്ധിയുടെ മദ്ധ്യത്തിലും ക്ഷാമം ഉണ്ടാകും എന്ന സത്യത്തെ നിഷേധിച്ചു കൂടാ. പരിഹാരത്തിനും പ്രതിവിധിക്കുമായി ചെയ്യുന്നതോ വീണ്ടും വീഴ്ച്ച വരുത്തിവെക്കാവുന്നവയാണ്. മുൻകരുതലുകൾ ഏതൊരാൾക്കും ആവശ്യമാണ്. ചിലപ്പോൾ അതു സാദ്ധ്യമല്ലാതെ വരും. കരുതി വെക്കാതിരിക്കുമ്പോഴായിരിക്കും ഇത്തരം യാദൃശ്ചിക സംഭവങ്ങൾ ഉണ്ടാവുക എന്നോർക്കുക. അതിൽ നിന്നു രക്ഷപ്പെടാൻ കഴിയുകയില്ല.

നിങ്ങളുടെ ജീവിതത്തിൽ ഇതുപോലുള്ള അപ്രതീക്ഷിത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? ചിന്തിക്കുക. ഒന്നോ അതിലധികമോ ഉണ്ടായി കാണാം. പക്ഷെ അതിന്റെ കാരണത്തെകുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. നമ്മുടെ തലയിലെ ഒരു മുടി പോലും ദൈവം അറിയാതെ കൊഴിയുന്നില്ല. സകലത്തേയും നിയന്ത്രിക്കുന്നതു ദൈവമാണ്. മനുഷ്യർ എത്ര തന്നെ ശ്രമിച്ചാലും ദൈവത്തിന്റെ നിയന്ത്രണത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ സാദ്ധ്യമല്ല. മനുഷ്യരുടെ ജീവിതം നേരെയാക്കുന്നതിനുള്ള ഒരു സൂചനയായി ഇതിനെ കാണുക. മാനസാന്തരപ്പെടുവാനുള്ള ദൈവത്തിന്റെ ആഹ്വാനമാണത്, അല്ലാതെ വെറും മാനുഷികമായ വീഴ്ച്ചയെന്നു ഇതിനെ തള്ളിപ്പറഞ്ഞു രക്ഷപെടാതിരിക്കുക.

ദൈവത്തോടുള്ള പ്രതിബദ്ധത അരക്കിട്ടുറപ്പിക്കുക മാത്രമാണ് ഇതിനുള്ള പരിഹാരം. മനസും, ചിന്തയും ജീവിതവും ദൈവേഷ്ടപ്രകാരം ആക്കുവാൻ തീരുമാനിക്കയും നടപ്പിൽ വരുത്തുകയും ചെയ്യുക. അങ്ങനെ ഇത്തരം അപ്രതീക്ഷിതമായ സംഭവങ്ങളിൽ നിന്നു നിങ്ങൾക്കും എനിക്കും മോചനം നേടാം.

★

# സഹോദരന്മാരെ മുദ്രകുത്തൽ

J.C. ചോട്ട്

പുതിയ നിയമത്തിൽ അപ്പൊസ്തലനായ പൌലൊസ് റോമർക്കു ലേഖനമെഴുതുമ്പോൾ വെളിപ്പെടുത്തുന്നത്: ''സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയററിനെയത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളകയും ചെയ്യുന്നു'' (റോമർ 16:17-18). ഭിന്നതയും കലക്കവും ദൈവത്തിനു ഇഷ്ടമുള്ള പ്രവൃത്തിയല്ല. യോജിപ്പും സമാധാനവുമാണ് ദൈവത്തിനു പ്രിയം.

ഈ സന്ദർഭത്തിൽ പൌലൊസ്, സഹോദരന്മാരോടു അപേക്ഷിക്കയാണ് ചെയ്യുന്നത്. സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്ന, വിയോജിപ്പ് ഉണ്ടാക്കുന്നവർ ആരായിരുന്നാലും അവരെ സൂക്ഷിക്കാൻ പറയുകയാണ്. അവർക്കു ലഭിച്ച ഉപദേശത്തിനു വിരുദ്ധമാണ് അത്. എല്ലാവരും ഏക അഭിപ്രായത്തിൽ യോജിച്ച് നില്ക്കുവാൻ ആണ് അവർക്കു ഉപദേശം ലഭിച്ചത്. ഇടർച്ച, തടസം ഉണ്ടാക്കുന്നവരോട് അകന്നു മാറുവാനാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ ചെയ്യുവാൻ പറഞ്ഞിരിക്കുന്നതിന്റെ കാരണം അവർ ക്രിസ്തുവിനെയല്ല, സ്വന്തം വയറിനെയാണ് സേവിക്കുന്നത്. ചക്കര വാക്കും മുഖസ്തുതിയും ഒക്കെ അവർ പ്രയോഗിക്കും. പക്ഷെ അവരുടെ ഉന്നം, പഠിപ്പില്ലാത്തവരും ലളിതമായിട്ടുള്ളവരെയും വഞ്ചിക്കുക എന്നതാണ്. അതുകൊണ്ട് അത്തരം വഞ്ചനയിൽ നിങ്ങൾ കുടുങ്ങരുത് എന്നു മുന്നറിയിച്ചിരിക്കയാണ്.

ഒരു വ്യക്തിയെ മുദ്രകുത്തുക, അടയാളപ്പെടുത്തുക എന്നെല്ലാം പറഞ്ഞാൽ എന്താണ്? അതിന്റെ അർത്ഥം അവർ, പാപത്തിലാണ് ജീവിക്കുന്നത് തെററിൽ അകപ്പെട്ടിരിക്കയാണ്. സഹോദരങ്ങൾക്കിടയിൽ ഭിന്നിപ്പ് വളർത്താൻ താല്പര്യപ്പെടുകയാണ്. അതുകൊണ്ട് അവർ തെററിൽ അകപ്പെട്ടിരിക്കുന്നു എന്നു ഇതിനാൽ സൂചിപ്പിക്കുന്നു. ഒരിക്കൽ അവരെ അങ്ങനെ അകററി നിർത്തുമ്പോൾ, വിശ്വസ്തരായ സഹോദരന്മാർ അറിയുവാനിടയാകും അവർ സഭയെ ഉപദ്രവിക്കുന്നവർ എന്ന്. അതുകൊണ്ട് വിശ്വസ്തരായ ക്രിസ്ത്യാനികൾ ഇത്തരം അവിശ്വസ്തരായ ആളുകളുടെ സ്വാധീനത്തിനു ഇരയായിതീരാതവണ്ണം സൂക്ഷിച്ചു കൊള്ളണം. നില്ക്കുന്നു എന്നു തോന്നുന്നവർ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ എന്നു പറയാൻ കാരണമിതാണ്. അവരെ അടയാളപ്പെടുത്തുന്നു എന്നു പറഞ്ഞാൽ അവരെ സഭയിൽ നിന്നും കൂട്ടായ്മയിൽ നിന്നും പുറത്താക്കി കളയണം എന്നു വിചാരിക്കരുത്. എന്നാൽ അവർ ഇതു തുടർന്നു കൊണ്ടിരിക്കയാണെങ്കിൽ സഭയായി, പുറത്താക്കേണ്ടിവരും. പക്ഷെ അതിനു മുൻപ് ആ വ്യക്തി ചെയ്യുന്നതു തെററാണെന്നു ബോധ്യപ്പെടുത്തി കെടുക്കണം. മാനസാന്തരപ്പെട്ടു തിരിഞ്ഞു വരുവാനുള്ള അവസരം കൊടുക്കണം എന്നു വിവക്ഷ.

നമ്മുടെ ഈ കാലയളവിൽ വളരെ അധികം ആളുകൾ രാജ്യത്തിനകത്തും പുറത്തും ആയി വീട്ടിൽ നിന്നും ഇടവകയിൽ നിന്നും ദൂരെ പോകാറുണ്ട്. അവിടെ അവർ അച്ചടക്കത്തിനു വിധേയരാകാറുമുണ്ട്. വിശ്വസ്തരായ സഹോദരന്മാരുടെ ശ്രദ്ധ ഉണർത്തുന്നതാണ് ഇത്. തെററായ കാര്യങ്ങൾ പഠിപ്പിക്കുന്നതു ആത്മാർത്ഥതയുള്ള സഹോദരങ്ങൾ കേൾക്കുമ്പോൾ അതിന്റെ പ്രതികരണമായി അവർക്കു മുന്നറിയിപ്പ് കൊടുക്കുന്നു. അവരെ സൂക്ഷിക്കണമെന്നു മററു സഹോദരങ്ങളെ

അറിയിക്കുന്നു. അല്ലെങ്കിൽ മററുള്ളവർ ഇതറിയാതെ അവരുടെ ദുരുപായത്തിൽ കുടുങ്ങും. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചിഴക്കുന്ന ഇത്തരം അവസര വാദികഠ സഭയിൽ ഉണ്ടാകുന്നതു ദോഷമായി മാത്രമെ ഭവിക്കയുള്ളു.

മുദ്ര കുത്തലും കൂട്ടായ്മയില്ലാതാക്കലും ചെയ്യുക എന്നതു തമ്മിൽ അന്തരമുണ്ട്. സത്യമറിയാവുന്ന ഏതൊരു വിശ്വസ്ത സഹോദരനും ചെയ്യാവുന്ന ഒന്നാണ് മുദ്ര കുത്തൽ അല്ലെങ്കിൽ അടയാളപ്പെടുത്തി നിർത്തൽ. എന്നാൽ കൂട്ടായ്മ ഇല്ലാതാക്കൽ നടത്തേണ്ടതു, തെററിൽ ജീവിക്കുന്ന സഹോദരൻ അംഗമായിരിക്കുന്ന ഇടവകയിലെ അദ്ധ്യക്ഷന്മാർ അഥവാ നടത്തിപ്പുകാർ ആണ് (1 കൊരിന്ത്യർ 5-ാം അദ്ധ്യായം). മുൻപു സൂചിപ്പിച്ചതു പോലെ, എന്തുകൊണ്ടു അവിശ്വസ്തനായ ഒരു അംഗത്തെ ഉടനെ പുറത്താക്കുന്നില്ല എന്നതിനു എണ്ണമററ കാരണങ്ങഠ ഉണ്ട്. അയാളുടെ ഇടവക അതിനു തക്ക ശക്തി പ്രാപിച്ചിട്ടില്ലായിരിക്കാം. അയാഠ പഠിപ്പിക്കുന്ന തെററ് അറിയാത്ത ദൂരെ എവിടെയെങ്കിലും സ്ഥലത്തായിരിക്കാം കൂട്ടായ്മ ആചരിക്കുന്നത്. എന്നാൽ ഇതു കേട്ട സഹോദരൻ മുന്നറിയിച്ചാൽ മററംഗങ്ങഠക്ക് ഇതിൽ നിന്നും അവരെ സൂക്ഷിക്കാൻ കഴിയും എന്നതാണ് കാര്യം.

സ്വന്ത ഇടവകയും ഒരു വ്യക്തിയും തമ്മിൽ നടക്കുന്ന ഒന്നാണ് കൂട്ടായ്മ ഇല്ലാതാക്കൽ. ഒരാഠ ഒരു ഇടവകയിൽ ആരാധിച്ചുകൊണ്ടിരിക്കുന്നു എന്നു വിചാരിക്കുക അയാഠ തന്റെ തെററായ ഉപദേശം നിമിത്തം, ജീവിതം നിമിത്തം കർത്താവിനും അവന്റെ സഭക്കും അപമാനവും ലജ്ജയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അപ്പോഠ സഭയിലെ അദ്ധ്യക്ഷന്മാർക്കും വിശ്വസ്തരായ സഹോദരങ്ങഠക്കും അവനെ അച്ചടക്കത്തിൽ നിർത്ത

ണമെന്നു തോന്നുന്നു. ആദ്യം ആരെങ്കിലും പോയി ആ സഹോദരനെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കണം. അപ്പോൾ അതു മനസിലാക്കി അയാൾ തെററു തിരുത്തുന്നുവെങ്കിൽ അവിടെ പ്രശ്നം തീരുന്നു. അയാൾ ശ്രദ്ധിക്കുവാൻ കൂട്ടാക്കുന്നില്ലെങ്കിൽ രണ്ടോ മൂന്നോ പേരെ കൂട്ടിക്കൊണ്ടു ചെന്നു സംസാരിക്കുക. അവനതു കേട്ടു കൊണ്ടു മാനസാന്തരപ്പെടുന്നുവെങ്കിൽ കൊള്ളാം. അവിടെ അതു ശാന്തമായി പരിഹരിക്കപ്പെടുന്നു. പക്ഷെ അയാൾ അതു നിരസിച്ചാൽ സഭയുടെ മുൻപാകെ കൊണ്ടു വരണം. സഭയെ അംഗീകരിച്ച് മാനസാന്തരപ്പെട്ടു തെററു തിരുത്തിയാൽ കർത്താവ് അയാളുടെ പാപം ക്ഷമിക്കും. സഭയും അതു ക്ഷമിക്കണം.

എന്നാൽ അയാൾ സഭയെ കൂട്ടാക്കാതെ, മാനസാന്തരപ്പെടാതെ തുടർന്നും ജീവിക്കുകയാണെങ്കിൽ, സഹോദരങ്ങൾ അയാളെ അച്ചടക്കത്തിനു വിധേയനാക്കി കൂട്ടായ്മയിൽ നിന്നും പുറത്താക്കണം. പിന്നീട് സഹോദരൻമാർക്കു അയാളുമായി യാതൊരു ബന്ധവുമില്ല. അയാളുമായി ചേർന്നു ഒരു നേരത്തെ ഭക്ഷണം പോലും കഴിക്കാവുന്നതല്ല. ഇങ്ങനെ ഏതെങ്കിലും ഒരാളെ പുറത്താക്കിയാൽ അതു മററു ഇടവകകളെ അറിയിക്കേണ്ടതാണ്. അറിയിച്ചില്ലെങ്കിൽ അയാൾ മററു ഇടവകകളിൽ പോയി അവരുമായി കൂട്ടായ്മ ആചരിക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻ ശ്രമിക്കണം (മത്തായി 18:15-17; 1 കൊരിന്ത്യർ 5).

വചനം നമ്മെ പഠിപ്പിക്കുന്നതനുസരിച്ച് ഈ രീതിയിൽ നാം അച്ചടക്കം പരിശീലിക്കുമ്പോൾ അതു ഫലപ്രദമായി തീരും. ഈ തരത്തിൽ അല്ലാതെ ഇവിടെയും അവിടെയും സഹോദരങ്ങൾ ആളുകളെ സഭയിൽ നിന്നു പുറത്താക്കിയാൽ അതുകൊണ്ടു യാതൊന്നും നേടാൻ സാദ്ധ്യമല്ല. സ്വന്തം ഇടവകയിൽ പെടാത്തവരെ ഏതെങ്കിലും ഒരു ഇടവകയോ ഒന്നിലധികം ഇടവകകളോ ആരെയെങ്കിലും പുറത്താക്കിയാൽ അതിനു വലിയ പ്രാധാന്യം ഇല്ലെന്നുമാത്രം

മല്ല, സ്വന്തം ഇടവകയിലുള്ളവർക്കു അയാളോടു സഹതാപം കൂടാനും അത് ഇടയാക്കും. ഭൗതിക കുടുംബങ്ങളിൽ ആയാലും ഏതെങ്കിലും ഒരു വീട്ടിലെ കുട്ടിയോ, കുട്ടികളോ, തെററു ചെയ്യുന്നതു മററു വീട്ടുകാർ അറിഞ്ഞാൽ അതു ആ വീട്ടുകാരെ അറിയിക്കുകയും അവർ വേണ്ട കരുതൽ എടുക്കുകയും വേണം. അവരാണ് ആ കുട്ടികളെ അച്ചടക്കം പഠിപ്പിക്കേണ്ടത്. അല്ലാതെ മററുള്ളവരല്ല. ശരിയായ പ്രശ്ന പരിഹാരം ഇതാണ്.

ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടു അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവന്നു കുശലം പറകയും അരുത് (2 യോഹന്നാൻ 9-10). എന്റെ വീട്ടിൽ വരുന്ന എല്ലാവരും വിശ്വസ്ത ക്രിസ്ത്യാനികളാണോ എന്നു എല്ലായ്പ്പോഴും അറിയാൻ പാടില്ല. അതുപോലെ ഞാൻ സന്ദർശിക്കുന്ന എല്ലാ ഇടവകകളും എല്ലാ ഉപദേശങ്ങളിലും ആരോഗ്യകരമായ അവസ്ഥയിലാണോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ഒരാൾ പഠിപ്പിക്കുന്നതു തെററാണെന്നു അറിഞ്ഞുകൊണ്ട് അയാളെ എന്റെ വീട്ടിലേക്കു സ്വാഗതം ചെയ്യാൻ പ്രയാസമുണ്ട്. അവരെ വിശ്വാസികൾ എന്നു കരുതാനോ അവർക്കു വേണ്ടി പ്രാർത്ഥനയിൽ അവരെ അനുഗ്രഹിക്കണമേ എന്നു അപേക്ഷിക്കാനോ കഴിയുകയില്ല. അതേ സമയത്ത്, അയാളോടു സംസാരിച്ച് അയാളുടെ തെററു തിരുത്തുവാൻ പരമാവധി ഞാൻ ശ്രമിക്കും.

സഹോദരന്മാരോട് നാം വളരെ അയവ് കാണിച്ചുകൊണ്ട് തെററിൽ വസിക്കുന്നവരെ അതു കണക്കാക്കാതെ അവരോട് കൂട്ടായ്മ കാണിക്കുന്നവർ മനസിലാക്കേണ്ടതു അപ്പൊസ്തലന്മാർ ഇപ്പോൾ ജീവനോടെ നമ്മുടെ മദ്ധ്യത്തിൽ ഉണ്ടെങ്കിൽ അവർ ഇവരുമായി കൂട്ടായ്മ ആചരിക്കുമോ

എന്നതാണ്. ഒരു സഹോദരനെ മുദ്ര കുത്തുന്നതിനു മുൻപ് അയാൾ ചെയ്ത പ്രവൃത്തിയെ കുറിച്ച് സഹോദരങ്ങൾ ബോധവാന്മാരാകണം. തെററിദ്ധാരണയോ, വ്യക്തി വൈരാഗ്യമോ, അസൂയയോ നിമിത്തം ഒരിക്കലും ഇങ്ങനെ ആളുകളെ അടയാളപ്പെടുത്തുകയോ പുറത്താക്കുകയോ ചെയ്യരുത്. വചനാനുസരണം വ്യക്തമായ രീതിയിലുള്ള മുദ്രകുത്തലും കൂട്ടായ്മയിൽ നിന്നു വിഛേദിക്കലും നടത്താവു. ഭിന്നിപ്പോ ദുരുപദേശമോ വരുത്തുന്നവരെ സംബന്ധിച്ച് വചനം പറയുന്നതുപോലെ നാം ചെയ്താൽ മതിയാവു. അതിനു യാതൊരു വിട്ടുവീഴ്ച്ചയും പാടില്ല. ഒരാളെ ഒഴിവാക്കുന്നതിനു വേണ്ടിയോ നശിപ്പിക്കുന്നതിനു വേണ്ടിയോ ചെയ്യുന്ന ഒരു പ്രവൃത്തി ദൈവ സന്നിധിയിൽ കുററകരമാണ്.

★

# അന്യോന്യം സ്നേഹിപ്പിൻ

## നീൽ പോളാർഡ്

ജനങ്ങൾ യേശുവിൻെറ ഉപദേശത്തെ തള്ളിക്കളഞ്ഞപ്പോൾ രണ്ടു സഹോദരങ്ങളിൽ ഒരാളായ യോഹന്നാൻ ചോദിക്കയുണ്ടായി. യേശുക്രിസ്തുവിൻെറ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ അവൻ യെരുശലേമിലേക്കു യാത്രയാവാൻ മനസ്സു ഉറപ്പിച്ചു. തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു. അവർ പോയി അവനായി വട്ടം കൂട്ടേണ്ടതിനു ശമര്യക്കാരുടെ ഒരു ഗ്രാമത്തിൽ ചെന്നു. എന്നാൽ അവൻ യെരുശലേമിലേക്കു പോകുവാൻ ഭാവിച്ചിരിക്കയാൽ അവർ അവനെ കൈക്കൊണ്ടില്ല. അതു അവൻെറ ശിഷ്യന്മാരായ യാക്കോബും യോഹന്നാനും കണ്ടിട്ടു: കർത്താവേ, ഏലിയാവു ചെയ്തതുപോലെ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ എന്നു ചോദിച്ചു. അവൻ തിരിഞ്ഞു അവരെ ശാസിച്ചു. നിങ്ങൾ ഏതു ആത്മാ

വിനു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല; മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രെ വന്നതു എന്നു പറഞ്ഞു (ലൂക്കൊസ് 9:51-56).

യേശുവിനെ ഒററിക്കൊടുത്ത ഇരുട്ടുള്ള രാത്രിയിൽ അവനും ശിഷ്യന്മാരും കെദ്രോൻ തോട്ടിനു അരികെയുള്ള ഒരു തോട്ടത്തിൽ ആയിരുന്നു. അവനെ തിരഞ്ഞു പിടിച്ചു കൊണ്ടുവരുവാൻ മഹാപുരോഹിതന്മാരും പരീശന്മാരും അവരുടെ ചേവകരേയും ദാസന്മാരെയും അയച്ചിരുന്നു. അവരോട് യേശു: നിങ്ങൾ ആരെ തിരയുന്നു എന്നു ചോദിച്ചു. അതിനു അവർ: ഞങ്ങൾ നസറായനായ യേശുവിനെ തിരയുന്നു എന്നു പറഞ്ഞു. അതിനു അവൻ: അതു ഞാൻ തന്നെ എന്നു പറഞ്ഞു. ഇതു കേട്ട, യേശുവിന്റെ ശിഷ്യനായിരുന്ന ശിമോൻ പത്രൊസ് അനിക്കുള്ള വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ വലതു കാതു അറുത്തു കളഞ്ഞു; ആ ദാസനു മല്ക്കൊസ് എന്നു പേർ. യേശു പത്രൊസിനോട് വാൾ ഉറയിൽ ഇടുക. പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയൊ എന്നു പറഞ്ഞു (യോഹന്നാൻ 18:10-12).

ഭീഷണിയും കുലയും നിശ്വസിച്ചു കൊണ്ടിരുന്ന ശൗൽ ക്രിസ്തുവിന്റെ ശിഷ്യന്മാരെ കൊന്നൊടുക്കി കൊണ്ടിരുന്നു. അങ്ങനെയിരിക്കെ അവൻ യേശുവിനെ അഭിമുഖീകരിക്കുന്നു. ഈ മൃഗീയ സ്വഭാവക്കാരനായ ബെന്യാമിൻ ഗോത്രക്കാരനോട് ക്രിസ്തു ചോദിച്ചു: "ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതു എന്തു? നീ ഉപദ്രവിക്കുന്ന യേശുവാകുന്നു ഞാൻ എന്നു അവൻ അവനോട് പറഞ്ഞു (പ്രവൃത്തി 9:1-5). ആ നാശം ഒഴിവാക്കുവാൻ ക്രിസ്തു തിരഞ്ഞെടുത്ത മനുഷ്യനോട് ആവശ്യപ്പെട്ടു. അതിന്റെ കാരണം അന്യോന്യം സ്നേഹിക്കുവാൻ പഠിപ്പിച്ചതാണ് യേശുക്രിസ്തു.

ഒരു പുതിയ കല്പന യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. അതിനെ കുറിച്ച് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു നമുക്കു വായിക്കാം. "നിങ്ങൾ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും'' (യോഹന്നാൻ 13:34-35). ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന (യോഹന്നാൻ 15:12). സ്നേഹത്തിന്റെ മൂല്യം അറിയണമെങ്കിൽ അതു പ്രായോഗികമാക്കണം. സ്നേഹിക്കാത്തവൻ ദൈവത്തിൽ നിന്നുള്ളവനല്ല. സ്നേഹം ദൈവ സ്വഭാവമാണ്. യേശു തന്നിരിക്കുന്ന കല്പനയുടെ ഉദ്ദേശം നാം അനുസരിക്കേണ്ടതിന്നാണ്.

യേശു, ഭൂമിയിൽ വന്നു, ധൈര്യവും, ഉറപ്പും, തീർച്ചയും ആത്മിക ശക്തിയും നീതി പൂർവ്വകമായ തീരുമാനിക്കലും ശിഷ്യന്മാരെ പഠിപ്പിച്ചു. വാക്കിനാലും ക്രിയയാലും ആയിരുന്നു അവൻ ഇതു ചെയ്തതു (പ്രവൃത്തി 1:1). അതുപോലെ തന്നെ, മനസലിവ്, കരുണ, ദീർഘക്ഷമ, സ്നേഹം എന്നിവയും അവന്റെ ഉപദേശങ്ങളിലും പ്രവൃത്തികളിലും ബോധ്യപ്പെടുത്തികൊടുത്തു. ഒന്നിനേക്കാൾ മറ്റൊന്നു ഉയർന്നോ താഴ്ന്നോ നില്ക്കുകയായിരുന്നില്ല; പിന്നെയോ ഒന്നിനോടൊന്നു യോജിച്ച് നിലനിർത്തിക്കൊണ്ടിരുന്നു. അപ്പൊസ്തലന്മാരും മററു ശിഷ്യന്മാരും അവന്റെ ഉപദേശങ്ങൾ ശ്രദ്ധയോടെ കേട്ടിരുന്നതായി വെളിപ്പെടുത്തിയിരുന്നു. പഠിക്കുവാനുള്ള താല്പര്യം അവരിൽ ഉണ്ടായിരുന്നു. പഠിച്ചതു പ്രായോഗികമാക്കി തീർത്തു. ക്രിസ്തുവിന്റെ വചനം, ജീവനും ചൈതന്യവുമുള്ളതായി തീരുന്നതു അവ ജീവിതത്തിൽ പാ

ലിക്കുന്നവർക്കാണ്. സ്നേഹത്തിൻെറ കാര്യവും അതിൽ നിന്നു വ്യത്യസ്ഥമല്ല. നിങ്ങൾക്കും മററാർക്കും പരിശോധിക്കാവുന്നതാണ്.

ഈ കല്പനയുടെ ഉറവിടം എവിടെ നിന്നു എന്നു അപ്പൊസ്ഥലനായിരുന്ന പൌലൊസ് പഠിപ്പിക്കുന്നുണ്ട്. "ഓരോരുത്തൻദൈവത്തെ അറിയാത്ത ജാതികളെപോലെ കാമവികാരത്തിലല്ല, വിശുദ്ധീകരണത്തിലും മാനത്തിലും താന്താൻെറ പാത്രത്തെ നേടിക്കൊള്ളട്ടെ. ഈ കാര്യത്തിൽ ആരും അതിക്രമിക്കയും സഹോദരനെ ചതിക്കയും അരുത്; ഞങ്ങൾ നിങ്ങളോടു മുമ്പെ പറഞ്ഞതുപോലെ ഈ വകെക്കു ഒക്കെയും പ്രതികാരം ചെയ്യുന്നവൻ കർത്താവല്ലൊ (1 തെസലൊനിക്യർ 4:6). സഹോദരന്മാരെ തുഛീകരിക്കുകയോ നിന്ദിക്കുകയോ വ്യണപ്പെടുത്തുകയോ ചെയ്യരുത്. പ്രതികാരം നമുക്കുള്ളതല്ല, ദൈവത്തിനുള്ളതാണ്. സഹോദര പ്രീതിയെ കുറിച്ച് നിങ്ങൾക്കു എഴുതി അറിയിക്കേണ്ട ആവശ്യമില്ല. കാരണം അവർ ദൈവത്താൽ ഉപദേശം ലഭിച്ചവരാണ്, അന്യോന്യം സ്നേഹിക്കേണം എന്ന കല്പന അവർക്കു നേരത്തെ ലഭിച്ചിരുന്നു. അതുകൊണ്ട് അവർ അതു പരിശീലിച്ചു വന്നിരുന്നു.

ഈ കല്പനയിൽ അടങ്ങിയിരിക്കുന്ന ആത്മാവിനെ പത്രൊസ് വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ കഷ്ടതയും ഉപദ്രവവും പരീക്ഷണ രൂപത്തിൽ നേരിടും. എന്നാൽ നമ്മുടെ വിശ്വാസം അരക്കിട്ട് ഉറപ്പിക്കേണ്ടത് ആവശ്യമാണ്. "അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവ ശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു" (1 പത്രൊസ് 1:4-5). അവനെ അതായത് ദൈവത്തെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. അതിൻെറ ഫലമായി

കാണാതെ വിശ്വസിക്കുന്നു. അന്ത്യമോ നമ്മുടെ ആത്മ രക്ഷക്കായി പരിണമിക്കുന്നു. ക്രിസ്തുവിൽ ആയി തീർ ന്നവരെ ദൈവം എത്ര മാത്രം സ്നേഹിക്കുന്നു എന്നതും പത്രൊസ് അവരെ ഓർപ്പിക്കുന്നു. എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജ മായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്ക കൊ ണ്ടു ഹൃദയ പൂർവ്വം അന്യോന്യം ഉററു സ്നേഹിപ്പിൻ (1 പത്രൊസ് 1:22).

ഈ കല്പനയുടെ ശക്തിയെ യോഹന്നാൻ പഠിപ്പി ക്കുന്നുണ്ട്. നിങ്ങൾ ആദിമുതൽ കേട്ട ദൂത് നാം അന്യോ ന്യം സ്നേഹിക്കേണം എന്നല്ലോ ആകുന്നു'' (1 യോഹന്നാ ൻ 3:11). അവന്റെ കല്പനയോ, അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കയും അവൻ നമുക്കു കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ (1 യോഹന്നാ ൻ 3:23). ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമി രിക്കുന്നു (1 യോഹന്നാൻ 4:12). ഫലം എത്ര വലുതാ ണെന്നു ചിന്തിച്ചു നോക്കുക.

ആരിൽ നിന്നുള്ള കല്പനയാണിത്? ദൈവത്തിൽ നി ന്നു! നാം ഇതു എങ്ങനെ സ്വീകരിക്കയും അനുസരിക്കയും ചെയ്യണം? ആത്മാർത്ഥമായി ജാഗ്രതയോടെ വേണം. നാം ഇതു അനുസരിക്കേണ്ടതിന്റെ ആവശ്യകത എന്താണ്? ദൈവത്തെ പ്രസാദിപ്പിക്കുവാൻ, അന്യോന്യം ശക്തിപ്പെ ടുവാനും ഓരോരുത്തരുടെയും അഭ്യുന്നതിക്കും.

ചിലർ വ്യണപ്പെടുത്തുന്നു. മററുള്ളവർ സന്തോഷി ക്കുന്നു. അനേകർ കർത്താവിനോടു അവിശ്വസ്തത പു ലർത്തുന്നു. പക്ഷെ നമുക്കെല്ലാവർക്കും ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ ആവശ്യമാണ്. സഹോദരങ്ങളെ സ്നേഹിക്കൂ.

★

# വ്യാകുലതയിന്മേൽ വ്യാകുലത

**അലെൻ വെബ്സ്ററർ**

ക്രിസ്ത്യാനികളായിതീർന്നവരും ഈ ക്രമരഹിതമായ അവസ്ഥയിൽ നിന്നും വേർപെട്ടു കാണാത്തതു നിർഭാഗ്യകരമായി സൂചിപ്പിക്കാവുന്നതാണ്. പാറമേൽ കാലുകൾ ഉറപ്പിക്കാത്ത കാലത്തോളം, സഹായം വരുന്ന പർവ്വതത്തിലേക്ക് കണ്ണുകൾ അയക്കാത്തിടത്തോളം, മനസ്സ് ഉയരങ്ങളിലുള്ള കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാത്ത കാലത്തോളം ആളുകൾ സുരക്ഷിതരല്ല എന്ന തോന്നൽ അവരിൽ വളരും. മിക്കവാറും വിശുദ്ധന്മാർക്ക് അറിയാം അവർ വ്യാകുലപ്പെടേണ്ടതല്ല എന്ന്. അതുകൊണ്ട് അവർ ആകുലചിന്തയിന്മേൽ ചിന്തിച്ചുകൊണ്ടിരിക്കും. ഉടയവനായ ദൈവത്തിന്റെ മുൻ കരുതലോടെയുള്ള മുന്നറിയിപ്പ് ഈ വിഷയത്തിൽ എന്താണ് എന്നു അറിയേണ്ടതാണ്. അതു സ്വീകരിക്കാതെ തരമില്ലല്ലൊ.

ഗിരിപ്രഭാഷണത്തിൽ, ഒരു ക്രിസ്ത്യാനിയും വിചാരപ്പെടലും എന്ന വിഷയത്തെ കർത്താവ് പരാമർശിച്ച് സംസാരിക്കുന്നുണ്ട് (മത്തായി 6:25-34). നാളെയെ കുറിച്ച്, ആഹാരത്തെ കുറിച്ച്, ജീവനെ കുറിച്ച് വിചാരപ്പെടരുതു എന്നു അവൻ മുന്നറിയിച്ചിട്ടുണ്ട് (6:34, 6:31, 6:25). ഇതിന്റെ അർത്ഥം, നാളെ ചെയ്യുവാനുള്ള കാര്യങ്ങളെ കുറിച്ച് ചിന്തിക്കരുത് എന്നോ, ആഹാരം കഴിക്കുന്നതിനെ കുറിച്ച് ചിന്തിക്കരുതു എന്നോ, പാർപ്പിടം ഒരുക്കരുത് എന്നോ അല്ല. ഇതെല്ലാം ആവശ്യമാണ്. പക്ഷെ ഈ കാര്യങ്ങളെ സംബന്ധിച്ച് നാം ആലോചിച്ച് പ്രവർത്തിക്കണം (തെസലൊനിക്യർ 3:16, 17; 1 തിമൊഥെയോസ് 5:8). ഇവിടെ പറയുന്ന കാര്യങ്ങളിൽ നാം ആവശ്യത്തിലധികം ചിന്താകുലരാകരുത്. അതിനു കാരണങ്ങൾ അനവധി വേദഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്.

# ക്രിസ്ത്യാനികൾ വിചാരപ്പെടേണ്ടതില്ല

പക്ഷികളെ നോക്കാൻ കർത്താവ് പറയുന്നു. സാമ്പത്തിക ഭാരം നിമിത്തം ഏതെങ്കിലും പക്ഷി ആത്മഹത്യ ചെയ്യുന്നുണ്ടോ? തന്റെ വികാരാധിക്യത്താൽ ഹൃദയം പൊട്ടി ഏതെങ്കിലും പക്ഷി മരിക്കാറുണ്ടോ? ഭാവിയെ കുറിച്ച് ഓർത്തു പക്ഷികൾ നിരാശപ്പെടാറുണ്ടോ? അവയ്ക്കു കളപ്പുരകളില്ല, അടുക്കളയില്ല. എന്നിട്ടും അവ ജീവിക്കുന്നു. കേവലം നിസാരമായ ഈ ജീവി വിചാരപ്പെടാതെ ഇരിക്കയും ദൈവം അവയെ പുലർത്തുകയും ചെയ്യുന്നു എന്നുള്ളതു മനസിലാക്കിയാൽ നമ്മെ പിതാവ് എത്രയധികം പരിപാലിക്കും എന്നോർമ്മിക്കുക.

നാളെയെ കുറിച്ച് വിചാരപ്പെടാതിരിക്കുന്നവരെ ദൈവം ഉപേക്ഷിക്കുമോ? ഒരിക്കലുമില്ല. നമ്മെ സംബന്ധിച്ച് നാം ദൈവത്തിന്റെ ആത്മീയ രൂപത്തിൽ മെനയപ്പെട്ടവരാണ്. പിതാവിന്റെ ആത്മാവിനെ നമ്മിൽ തന്നിരിക്കയാണ്. (ഉല്പത്തി 1;26-27; എബ്രായർ 2:9). പക്ഷികളെ അങ്ങനെയല്ല ഉണ്ടാക്കിയത്. പക്ഷികളും മറ്റെല്ലാം മനുഷ്യന്റെ ഉപയോഗത്തിനു വേണ്ടി സൃഷ്ടിച്ചതാണ് അപ്പോൾ അത്തരം സൃഷ്ടികളെ ദൈവം കരുതുന്നു എങ്കിൽ നമ്മെ എത്രയധികം എന്നതാണ് ചോദ്യം (മത്തായി 10: 29-31; റോമർ 8:32).

നീളത്തെ കുറിച്ച് മനസിലാക്കിയാൽ നാം വിചാരപ്പെടുകയില്ല (മത്തായി 6:27). ഉയരം കുറഞ്ഞ ആരെങ്കിലും ഉയരം കൂടിയവനായി തീരാൻ വ്യാകുലപ്പെട്ടതു കേട്ടിട്ടുണ്ടോ? അങ്ങനെ വിചാരപ്പെട്ടതുകൊണ്ടു ആരുടെയെങ്കിലും നീളം കൂടിയതായി പറയപ്പെട്ടിട്ടുണ്ടോ? ഇല്ല; വിചാരപ്പെടുന്നതു പ്രയോജന രഹിതമാണ്. യേശു നമ്മെ പഠിപ്പിക്കുന്നു വിചാരപ്പെട്ടതുകൊണ്ടു ആർക്കും തന്റെ നീളം ഒരു മുഴം കൂട്ടാനോ കുറക്കാനോ സാദ്ധ്യമല്ല. അതുകൊണ്ട്

വിചാരപ്പെട്ടാൽ ആഹാരം പാചകം ചെയ്യുമോ? വിചാരം കൊണ്ടു മല കയറാമോ, രോഗം ഭേദമാക്കാമോ? വിചാരപ്പെട്ടതുകൊണ്ടു കടം തീർക്കാമോ? വിചാരപ്പെട്ടതുകൊണ്ട് നിങ്ങളുടെ കണ്ണുനീർ ഉണക്കാമോ? ഒരു ഗുണവും കിട്ടുന്നതല്ല വിചാരപ്പെട്ടാൽ. കസേരയിൽ ഇരുന്നു കറങ്ങിയാൽ അതു നിങ്ങളെ എവിടെയും എത്തിക്കുന്നില്ല.

കൂടുതൽ ചിന്താകുലരാകുന്നവർ തങ്ങളുടെ ആയുസിനെ കുറക്കുകയാണ് ചെയ്യുന്നതു. കണ്ടു പിടുത്തങ്ങൾ തെളിയിച്ചിട്ടുള്ളതു ഇന്നുള്ള മനുഷ്യരോഗങ്ങളിൽ ഇരുപതു ശതമാനത്തോളം മനസിന്റെ തകർച്ചയും വൈകാരികാധിക്യം കൊണ്ടും ഉള്ളതാണ്. ഉറച്ച മനസിന്റെ ഉടമക്കു മാത്രമെ ഉറച്ച ശരീരം ഉണ്ടാകയുള്ളു. താങ്ങാവുന്നതിൽ അധികമായി മനസിനെയും ഹൃദയത്തെയും ഭാരപ്പെടുത്തിയാൽ അതിന്റെ ലക്ഷണങ്ങൾ ശരീരത്തിൽ കാണാം. അതുകൊണ്ടു നമ്മുടെ ചിന്തകൾ ആധിയോ വ്യാധിയോ ആകാതിരിപ്പാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം. ഇന്ദ്രിയജയമാണ് ഇതിനാവശ്യം.

ഏതാനും ഹൃദ്രോഗങ്ങൾ, രക്ത സമ്മർദ്ദം, വയറു സംബന്ധമായ രോഗങ്ങൾ, കുടൽരോഗങ്ങൾ എന്നിവ വിചാരാധിക്യം കൊണ്ടുണ്ടാകുന്നവയാണ്. കഠിനാദ്ധ്വാനം കൊണ്ടു ആരും മരിച്ചതായി എനിക്കറിയില്ല. എന്നാൽ സംശയാലുവായിരുന്ന ഒരാൾ അതു നിമിത്തം മരിച്ചതായി അറിയാം. ഭാര്യയിൽ സംശയം വെച്ചുകൊണ്ടിരുന്നു അവസാനം അയാൾ ആത്മഹത്യ ചെയ്തു. വിചാരം കൊണ്ടു ആളുകൾ ജീവിതത്തെയാണ് പന്താടുന്നതു. ആത്മാവിന്റെ മന്ദിരമായ ശരീരത്തെ നശിപ്പിക്കുന്ന അമിത വ്യാകുലത്തെ ഒഴിവാക്കുന്നതാണ് ഉത്തമം.

കഴിഞ്ഞു പോയ സംഭവങ്ങളെ കുറിച്ച് വിചാരപ്പെടുന്നവരുണ്ട്. മുട്ട ഉടച്ചു കഴിഞ്ഞാൽ പിന്നെ തിരിച്ച് അതേ രൂപത്തിൽ ആക്കുക പ്രയാസം. പോയ വെള്ളം ആന പി

ടിച്ച് വലിച്ചാൽ കിട്ടുകയില്ല എന്നു പറയുന്നതു കേട്ടിട്ടില്ലേ? ഭൂരിഭാഗം ചിന്താകുലങ്ങളും പുനരവലോകനമാണ് എന്നു പറയാറുണ്ട്. പിന്നിലുള്ളതു മറന്നു മുമ്പിലുള്ളതിനെ ആഞ്ഞുകൊണ്ടായിരിക്കണം നാം ജീവിക്കുവാൻ (ഫിലിപ്പിയർ 3:13-14). പാപം സംഭവിച്ചിട്ടുണ്ടെങ്കിൽ ക്രിസ്തുവിന്റെ രക്തത്താൽ കഴുകി കളയണം (പ്രവൃത്തി 22:16).

സംഭവിക്കണം എന്ന വിചാരം. ലോകം മുഴുവൻ വിചാരിച്ചാലും ചില കാര്യങ്ങളെ മാററുവാൻ ആർക്കും കഴിയുകയില്ല. അവ എങ്ങനെയായാലും സംഭവിക്കുക തന്നെ ചെയ്യും. അതുകൊണ്ടു വിചാരപ്പെടാതെ അതിനു വേണ്ടി ഒരുങ്ങുകയാണ് ചെയ്യേണ്ടത് (ഫിലിപ്പിയർ 1:22).

ഒരിക്കലും സംഭവിക്കാത്തതിനെ കുറിച്ച് വിചാരപ്പെടുന്നവരുണ്ട്. ഒരിക്കലും സംഭവിക്കാനിടയില്ലാത്ത കാര്യങ്ങളെ കുറിച്ചാണ് എൺപത്തിയഞ്ചു ശതമാനം ആളുകളുടേയും വ്യാകുലത. പിന്നെന്തിനാണ് ഈ സമയം പാഴാക്കുന്നത് (എഫെസ്യർ 5:16)? സമയം പ്രവൃത്തിക്കായി നീക്കിവെക്കുക. ഉറുമ്പ് ചിന്തിച്ചു സമയം കളയാതെ ഭാവിക്കു വേണ്ടി അദ്ധ്വാനിക്കുന്നു. ആ ഉറുമ്പിനെ നോക്കി ബുദ്ധി പഠിക്കുക.

സ്വർഗ്ഗസ്ഥനായ പിതാവു നമുക്കുള്ളതുകൊണ്ടു വിചാരപ്പെടേണ്ടതില്ല. എന്നെ കുറിച്ചു കരുതുന്ന ദൈവത്തിൽ എനിക്ക് ആശ്രയം കുറവായതുകൊണ്ടാണ് ഞാൻ വിചാരപ്പെടുന്നതു. ശരിയായ, ജീവനുള്ള, പ്രതികരണശേഷിയുള്ള ദൈവത്തിങ്കലേക്കു തിരിഞ്ഞ് പൂർണ്ണാശ്രയം വെക്കുകയാണ് ശരിയായ മാർഗ്ഗം (ഫിലിപ്പിയർ 4:6-7).

(ശേഷം അടുത്ത ലക്കത്തിൽ)

★

# ബൈബിളിനോടുള്ള മനോഭാവം

ജെറി മനാസ്കൊ

"വചനത്തെ നിന്ദിക്കുന്നവൻ അതിനു ഉത്തരവാദി. കല്പനയെ ഭയപ്പെടുന്നവനോ പ്രതിഫലം പ്രാപിക്കുന്നു" (സദൃശവാക്യങ്ങൾ 13:13). ആധുനിക മനുഷ്യന്റെ കാഴ്ച്ചപ്പാടിൽ അവർക്ക് ബൈബിളിലെ ക്രമത്തോട് അനാദരവ് ആണ് ഉള്ളതെന്നു തോന്നും. ദൈവത്തെയും സഹ മനുഷ്യനെയും സ്നേഹിക്കുക; മതവിഭാഗങ്ങളേയും അവയുടെ ആചാരാനുഷ്ടാനങ്ങളേയും പാരമ്പര്യ സിദ്ധാന്തങ്ങളേയും ഉപേക്ഷിക്കയും ചെയ്തു ദൈവത്തിന്റെ പ്രമാണങ്ങളെ മാത്രം അനുസരിക്കുന്നവർ ശുഭമായിരിക്കും. ദൈവത്തിന്റെ വചനം നമ്മെ പ്രകാശമാനമാക്കുന്നു. ആകയാൽ വചനത്തെ നിന്ദിക്കുന്നവൻ ദൈവത്തെ നിന്ദിക്കുന്നു. വെറും ഉപദേശങ്ങളുടെ ശ്രൃംഖല മാത്രമാണ് ബൈബിൾ എന്നു പറഞ്ഞു അതിനെ തള്ളിക്കളയുന്നവർക്കു നാശം വരാതിരിക്കയില്ല. അവരുടെ മേൽ ദൈവ ക്രോധം വരും തീർച്ച.

യെഹൂദാ ജനങ്ങൾ തങ്ങളുടെ അനുസരണക്കേടിനും നിയമ ലംഘനത്തിനും ദൈവം അവർക്കു പകരം കൊടുത്തതായി അവരുടെ അനുഭവങ്ങൾ വിളിച്ചോതുന്നു (എബ്രായർ 2:2). ഈ ആളുകളിലേക്കു ദൈവം തന്റെ പ്രവാചകന്മാരെ തുടരെ തുടരെ അയക്കുകയുണ്ടായി. അവർ അവർക്കു സമാധാനവും ക്ഷമാപണവും എങ്ങനെ കിട്ടുമെന്നു പ്രസ്താവിച്ചു. പക്ഷെ അവരോ പ്രവാചകന്മാരെ ആക്ഷേപിച്ചു ദൈവത്തിന്റെ വാക്കുകളെ അവർ നിന്ദിച്ചു. ഒരു പ്രതി വിധിയോ പരിഹാരമോ ലഭിക്കാത്ത വിധത്തിൽ ദൈവ ക്രോധം അവരിൽ വരുന്നതുവരെ അവർ പ്രവാചകന്മാരെ ദുരുപയോഗപ്പെടുത്തി അവരുടെ വാക്കുകൾ കൈക്കൊള്ളാതിരുന്നു. ചരിത്രം പറയുന്നതു: "അവരോ ദൈവത്തിന്റെ ദൂതന്മാരെ പരിഹസിച്ചു അവന്റെ വാക്കു

കളെ നിരസിച്ചു ഉപശാന്തിയില്ലാതാകും വണ്ണം യഹോവയുടെ കോപം തന്റെ ജനത്തിനു നേരെ ജ്വലിക്കുവോളം അവന്റെ പ്രവാചകന്മാരെ നിന്ദിച്ചു കളഞ്ഞു. അതുകൊണ്ടു അവൻ കല്ദയരുടെ രാജാവിനെ അവരുടെ നേരെ വരുത്തി അവൻ അവരുടെ യൌവനക്കാരെ അവരുടെ വിശുദ്ധ മന്ദിരമായ ആലയത്തിൽ വെച്ചു വാൾ കൊണ്ടു കൊന്നു; അവർ യൌവനക്കാരനെയോ കന്യകയെയോ, വൃദ്ധനെയോ, കിഴവനെയോ ആദരിക്കാതെ അവരെ ഒക്കെയും അവന്റെ കയ്യിൽ ഏല്പിച്ചു കൊടുത്തു (2 ദിനവൃത്താന്തം 36:16-17).

ഇന്നും വേദ പുസ്തകത്തെ അവജ്ഞയോടെ വീക്ഷിക്കുന്നവരുണ്ട്. നിന്ദിക്കുക എന്നാൽ അവജ്ഞയോടെ തള്ളിക്കളക എന്നാണ്. ഇഷ്ടമില്ല എന്ന തോന്നലിൽ നിന്നു ഉരുത്തിരിയുന്ന മനോഭാവമാണത്. ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്ന സത്യ വേദ പുസ്തകത്തെ അറിഞ്ഞും അറിയാതെയും പുച്ഛിച്ചു തള്ളികളയുന്നവരുണ്ട്. എങ്ങനെ നിഷേധിച്ചാലും ശരി അതിനുള്ള ശിക്ഷ അവർക്കു ലഭിക്കാതിരിക്കില്ല. ദൈവത്തിന്റെ ഉപദേശങ്ങളും കല്പനകളും ഉൾപ്പെടുന്ന ബൈബിളിനെ ആളുകൾ പല വിധത്തിൽ നിന്ദിക്കുന്നുണ്ട്. എങ്കിലും അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നുണ്ട്. ദൈവം കേൾക്കുമോ?

ചില ആളുകൾ ബൈബിളിനെ തർജ്ജിമ ചെയ്തു പുതിയ വിവർത്തനം എന്ന പേരിൽ എഴുതി അച്ചടിച്ച് ഇറക്കിയിട്ടുണ്ട്. അതിൽ അവർ ചില്ലറ മാറ്റങ്ങൾ ഒക്കെ വരുത്തിയിട്ടുണ്ട്. ദൈവ വചനത്തെ മാറ്റുവാൻ ഇവർക്കെന്ത് അധികാരമാണുള്ളത്? വേറെ ചിലർ ബൈബിളിനെ വ്യാഖ്യാനിക്കുന്നത് അവരുടെ നിഗമന പ്രകാരമാണ്. സ്വന്തം ബുദ്ധിശക്തി ഉപയോഗിച്ച് സ്വയമായി വ്യാഖ്യാനിക്കാവുന്നതല്ല. ദൈവത്തിന്റെ സന്ദേശം (വെളിപ്പാട് 22:18-19) ഒരാൾ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടായിരിക്കണം. ഒരാൾ എഴുതുന്നു എങ്കിൽ

അതു ദൈവത്തിൻെറ ദൂതായിരിക്കണം. ഇതിനപ്പുറമായി ആരും ചിന്തിക്കയോ പ്രവർത്തിക്കയോ ചെയ്യരുത്.

ഈ ആധുനിക വിവർത്തകരും തർജ്ജിമക്കാരും എല്ലാം എഴുതുന്നതു ബൈബിളുമായി ഒരു ബന്ധവുമില്ലാത്തതായി തീരുന്നതാണ് ഫലം. ഉപയോഗത്തിനു എളുപ്പമുള്ളതാക്കി തീർക്കുവാൻ അവർ ചെയ്യുന്ന ശ്രമം പാഴായി പോകുന്നു എന്നതാണ് വാസ്തവം. മററുള്ള പുസ്തകങ്ങളെപോലെ ഈ വേദ ഗ്രന്ഥത്തെ കരുതി ചെയ്താൽ അതു നീതിയായി തീരുകയില്ല. മറിച്ച് അനീതിയായി മാററും. കാരണം ദൈവത്തിൻെറ ഉദ്ദേശം എന്തെന്നു മനുഷ്യർക്ക് പൂർണ്ണമായും അറിഞ്ഞുകൂടാ. അതിനാൽ ദൈവാത്മാവിനാൽ എഴുതപ്പെട്ട വചനത്തെ സൗമ്യതയോടെ സ്വീകരിക്കയല്ലാതെ മറെറാന്നും ചെയ്യേണ്ടതില്ല. അതിൻെറ വള്ളിയോ പുള്ളിയോ മാററം വരുത്തിയാൽ ദൈവത്തിനു ഇഷ്ടമാകയില്ല. പിന്നെ എന്തിനു മാററം വരുത്തി ദൈവകോപം വരുത്തിവെക്കണം!

ഏദെൻ തോട്ടത്തിലെ പാമ്പിനെ ഉദാഹരണമായി എടുത്താൽ നാം പറയുന്നതു വളരെ വ്യക്തമാകും. ദൈവം പറഞ്ഞതിനെ സർപ്പം കോട്ടി കളഞ്ഞു. ഹവ്വ ദൈവത്തിൻെറ വചനത്തെ തെററായി ഉപയോഗിച്ചു. ''അതു തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും'' എന്നു ദൈവം അരുളി ചെയ്തു (ഉല്പത്തി3:4). ദൈവ വചനത്തെ മാററി മറിച്ചതു കേട്ടു വിശ്വസിക്കയും അനുസരിക്കുകയും ചെയ്തതു കൊണ്ടു അന്നു മുതൽ മനുഷ്യ ജീവിതത്തിനു എന്തെല്ലാം മാററങ്ങൾ സംഭവിച്ചു എന്നു നോക്കുക.

ആരാധനയിൽ ഉപകരണങ്ങൾ അഥവാ വാദ്യമേളങ്ങൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച വിവാദങ്ങൾ സഹോദരങ്ങൾക്കിടയിൽ നിലവിലുണ്ട്.

★

(ശേഷം അടുത്ത ലക്കത്തിൽ)

## E.K.കൊച്ചുകുഞ്ഞ്, തേപ്പുപാറ

"എന്തിനു ചുമ്മാതെ ചുററുന്നുപുള്ളേ,
മേലെ പറക്കുവാൻ നിന്നാൽ കഴിയുമോ.
ആകാശവീഥിയിലാഞ്ഞു പറക്കുന്ന,
കള്ളപ്പരുന്തിനെ കണ്ടുപഠിക്കു നീ.

കുത്തിതുളയ്ക്കുമേ കൊത്തിതകർക്കുമേ,
പൊങ്ങിപ്പറക്കുവാൻ പററില്ലകൂട്ടരേ.
എന്തിനു പാരിൽപിറന്നതെന്നോർക്കുകിൽ,
കാര്യം പിടികിട്ടി പുള്ളിക്കിളികൾക്ക്.

അബ്രാം പണ്ടൊരു യാഗം നടത്തി പോൽ,
ശുദ്ധിയിൽവയ്ക്കാത്ത പ്രാക്കളെ കണ്ടതും.
പൊങ്ങിപ്പറക്കുന്ന പൊന്തൻപരുന്തോ,
തട്ടി തകർത്തതും യാഗപീഠത്തെയും.

അംബരം സ്വന്തമെന്നോർത്തു തിമിർക്കുന്നു,
വീശിയും മിന്നിയും ചിറകുകൾ വീശുന്നു.
മററൊരു പക്ഷിയെ കണ്ടാൽ പിടിക്കാത്ത,
ചക്കിപ്പരുന്തേ പൊങ്ങാതെ കൂട്ടരേ.

ജീവിതം കണ്ടുരസിക്കാൻ കഴിയാത്ത,
കൊച്ചൊരു പക്ഷിക്കുലങ്ങളേ കേൾക്കുവിൻ.
നാളെ വെളുപ്പിനു നിങ്ങൾക്കുവേണ്ടിയീ,
പാടപ്പറമ്പുകൾ പൂട്ടിയൊരുക്കുമേ.

പണ്ടുവിതച്ചുള്ള കടുകുമണിയുടെ,
കൊമ്പിൻ ഉയരേ പറക്കുവിൻ കൂട്ടരെ.
കൂടുകൾ നന്നായി കെട്ടുവാൻ നോക്കുക,
ജീവിതം കണ്ടു രസിക്കുവിൻ കൂട്ടരേ.

★

# കർത്താവേ നീ എൻെറ ഹൃദയ ത്തിലേക്കു വരേണമേ

**ബേസിൽ ഓവർട്ടൺ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

മനുഷ്യരെ രക്ഷിക്കുന്ന ദൈവ ശക്തി ക്രിസ്തുവിൻെറ രക്തത്തിനുണ്ട്. ആ രക്തത്തോട് ബന്ധപ്പെടുന്ന സാഹചര്യത്തിലണാ് കർത്താവ് ആ വ്യക്തിയുടെ പാപങ്ങരം കഴുകി കളയുന്നത്.

ഭൂമിയിൽ പാപങ്ങളെ മോചിപ്പിച്ചുകൊടുക്കുവാനുള്ള അധികാരം യേശുക്രിസ്തുവിനുണ്ട്. എന്നാൽ ആ അധികാരം ഉപയോഗിക്കുന്നതു ആരിൽ ആണ് എന്ന് പറഞ്ഞിട്ടുണ്ട് (എബ്രായർ 5:8-9). കൊർന്നെല്യോസ് പ്രാർത്ഥിക്കുന്നുണ്ട്, അവൻെറ പ്രാർത്ഥന ദൈവ സന്നിധിയിൽ എത്തുകയും ചെയ്തു. പക്ഷെ ആ പ്രാർത്ഥനയാൽ അവൻ രക്ഷിക്കപ്പെട്ടില്ല. മറിച്ച് പാപമോചനത്തിനു അവൻ എന്തു ചെയ്യേണം എന്ന അറിയിപ്പ് കിട്ടി. അതനുസരിച്ച് പത്രൊസിനെ വരുത്തുകയും പത്രൊസ്, അവനോടും കുടുംബത്തോടും രക്ഷിക്കപ്പെടുവാനുള്ള മാർഗ്ഗം ഉപദേശിച്ചു കൊടുക്കുകയും അവർ എല്ലാവരും അതു അനുസരിക്കയും ചെയ്തു. ഇതിൽ നിന്നു പ്രാർത്ഥന രക്ഷക്കോ പാപമോചനത്തിനോ ഉള്ള ഒരു നിബന്ധനയല്ല എന്നു കാണാവുന്നതാണ്: തെററായ കാര്യങ്ങരം ചെയ്തു കൊണ്ട് ശരിയായ ഫലത്തിനായി കാത്തിരിക്കരുത്.

## ക്രിസ്തു വരിക തന്നെ ചെയ്യും; പക്ഷെ

തർസൊസ്സുകാരനായ ശൌൽ ചെയ്തതു പോലെ, കൊർന്നെല്യോസ് ചെയ്തതു പോലെ പാപമോചനത്തിനു ദൈവം അരുളിച്ചെയ്ത കാര്യങ്ങരം നിർവ്വഹിച്ചാൽ

യേശുക്രിസ്തു ഹൃദയത്തിൽ വസിക്ക തന്നെ ചെയ്യും. വിശ്വാസത്താൽ, ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ ക്രിസ്തു വസിക്കുന്നു (എഫെസ്യർ 3:17). വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിൻെറ വചനത്താലും വരുന്നു (റോമർ 10:17). ഒരുവൻ ക്രിസ്തുവിൽ ആകുമ്പോൾ അവൻ ക്രിസ്തുവിനെ ധരിക്കുന്നു. അതായത് ക്രിസ്തുവിൻെറ സ്വഭാവത്തോട് അനുരൂപനാകുന്നു (കൊലൊസ്സ്യർ 1:2, 27).

ക്രിസ്തു എങ്ങനെ നമ്മിൽ വസിക്കും? ക്രിസ്തുവിൻെറ ആത്മാവ് എങ്ങനെ നമ്മിൽ വസിക്കും എന്ന ചോദ്യങ്ങൾ അപ്രസക്തമത്രേ. കാരണം ദൈവത്തിൻെറ വാഗ്ദാനം അവൻ എങ്ങനെയായാലും പാലിക്കും. നാം അവൻെറ ഇഷ്ടം നിർവ്വഹിക്കുമ്പോൾ ദൈവം പറഞ്ഞ കാര്യങ്ങൾ അവൻ നിറവേററും. ക്രിസ്തു വചനമാണ്. ആ വചനം ആത്മാവും ജീവനുമാണ്. അതുകൊണ്ട് ആത്മാവും ജീവനും ആകുന്ന വചനം നമ്മുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ ക്രിസ്തു നമ്മിൽ ഉണ്ട്. നമുക്ക് ഫലം കായ്ക്കണമെന്നുണ്ടെങ്കിൽ അവനിൽ വസിക്കണം. അവൻ നമ്മിൽ വസിച്ചാൽ നാം ജഡികരോ ലൗകികരോ ആകുന്നില്ല. ആത്മീകരായി മാറുന്നു.

ഇന്നു ആരെങ്കിലും അവൻെറ വചന ശബ്ദം കേട്ട് അവരുടെ ഹൃദയ വാതിൽ തുറന്നാൽ: അവർ വചനം അനുസരിച്ചാൽ, യേശുക്രിസ്തു ആ വ്യക്തിയുടെ ഹൃദയത്തിൽ കടന്നു വരും. യേശുക്രിസ്തു ഒരാളുടെ ഹൃദയത്തിൽ വസിച്ചാൽ ഹൃദയ നിരൂപണങ്ങളും ചിന്തകളും ക്രിസ്തുവിൻേറതായി മാറും. ക്രിസ്തു വസിക്കാത്ത ഹൃദയത്തിൻെറ ഉടമകൾ പൈശാചികവും പ്രാകൃതവുമായ സ്വഭാവത്തിനു ഇരയായി തീരും.

★

# സത്യം വില്ക്കുകയല്ല വാങ്ങുകയത്രെ വേണ്ടത്

T. പിയേഴ്സ് ബ്രൗൺ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

പക്ഷെ മറെറാരു സത്യത്തെ അധികം പേരും തിരിച്ചറിയുന്നില്ല. ദൈവ സാദൃശ്യത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നും മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവർത്തിക്കും ദൈവത്തോട് കണക്കു കൊടുക്കേണ്ടതാണെന്നും ഉള്ളതു പരമാർത്ഥമാണ്. അവനവൻ ചെയ്യുന്നതിൻെറ ഫലമാണ് എല്ലാവരും അനുഭവിക്കുന്നതു എന്നോർക്കുക. മറെറാരു വിധത്തിൽ പറഞ്ഞാൽ മനുഷ്യൻെറ നിയമ ലംഘനവും അതിൻെറ പ്രത്യാഘാതവുമാണ് സമൂഹത്തിൽ നടമാടുന്നത്.

സത്യം വാങ്ങുവാനായി അതിൻെറ യാഥാർത്ഥ്യത്തെ മനസിലാക്കേണ്ടതുണ്ട്. അതു നേടിയെടുക്കാൻ ശ്രമകരമായ അദ്ധ്വാനം ആവശ്യമാണ്. അതു പരിശീലിക്കുവാൻ ധൈര്യം അവലംബിക്കേണ്ടതായിട്ടുണ്ട്. ദുരഭിമാനവും നീഗളവും അകററി നിർത്തണം. പാപത്തെയും സ്വന്ത ഇഷ്ടത്തെയും ബലി കഴിക്കണം.

അതു വില്ക്കരുതു എന്നതിൻെറ അർത്ഥം- സത്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന മനസിനെ വ്യതിചലിപ്പിക്കരുത്. അതിൻെറ വില ഒരിക്കലും നഷ്ടപ്പെടുത്തരുത്. സത്യത്തെ തള്ളിപ്പറയരുത്. ഏതൊരു കാരണത്താലും സത്യത്തെ ഉപേക്ഷിക്കുവാൻ സാഹചര്യം ഒരുക്കരുത്. ഒരു ഉപദേഷ്ടാവ്, സത്യം അറിഞ്ഞിരിക്കെ പണത്തിനും പ്രതാപത്തിനും വേണ്ടി ദുരുപദേശം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ അയാരം സത്യം വില്ക്കുകയാണ് ചെയ്യുന്നത്.

★

സ്ത്രീകൾക്കു വേണ്ടി

# തീരുമാനം

## ബെററി. ബി. സി.

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

തെററായ തീരുമാനങ്ങൾ നമ്മെക്കൊണ്ട് എടുപ്പിച്ച് നമ്മിൽ വിജയം കണ്ടെത്തുന്ന സാത്താൻ നമ്മുടെ ശാന്തത, ആത്മാവിൻെറ ഭദ്രത എന്നിവക്കു ഇളക്കം വരുത്തുന്നു. ഒന്നിനൊന്നു തുടർച്ചയായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമ്പോൾ അതിൻെറ അപകടാവസ്ഥ എത്ര വലുതാണെന്നു മനസ്സിലാക്കണം. ദൈവ കല്പനയെ അവഗണിക്കുമ്പോൾ നാം ദൈവത്തെ നിഷേധിക്കയാണ്. ദൈവത്തെ അനുസരിച്ച് ജീവിക്കുമ്പോൾ ഏതു കാര്യവും ലഘുവായി തീരുന്നു. പക്ഷെ അനുസരിക്കാതിരിക്കുമ്പോൾ അതു സങ്കീർണ്ണമാകുന്നു. സ്വന്തം ഇഷ്ടങ്ങളെക്കാൾ ദൈവേഷ്ടം ചെയ്യുവാൻ നാം ദൃഢപ്രതിജ്ഞ എടുക്കണം. സ്നാനപ്പെടുന്നതിനു മുൻപ് എടുത്ത തീരുമാനം മരണ പര്യന്തം വിശ്വസ്തനായിരിക്കുമെന്നതു മറക്കരുത്.

''അതിൻെറ അർത്ഥം നീ ഇന്നു മുതൽ ഒരു നല്ല ദൈവ പൈതലായി എൻെറ ഒരു നല്ല സഹോദരനായി തീരും എന്നതാണ്.'' ആൻറണിയുടെ സഹോദരി മന്ദസ്മിതത്തോടെ പ്രതിവചിച്ചു. അവൻ സമ്മതമെന്നവണ്ണം തലകുലുക്കി ദൈവത്തിനും മനുഷ്യർക്കും പ്രയോജനമുള്ള ഒരു മകനായി തീരാൻ ഞാൻ ഇതാ തയ്യാറായി കഴിഞ്ഞു എന്നു അവൻ ഉറപ്പു നല്കി. ദൈവത്തെ പ്രസാദിപ്പിക്കയും എല്ലാ ആളുകളുമായി നല്ല ബന്ധം പുലർത്തുകയും വേണമെന്നു അവൻെറ അമ്മ അവനെ പ്രബോധിപ്പിച്ചു.

★

# വളരെ കട്ടിയായി തോന്നാം

എഡ്ഡി ജിൽപിൻ

(കഴിഞ്ഞലക്കത്തിന്റെ തുടർച്ച)

പാപം ചെയ്ത ദൂതന്മാരുടെ അവസ്ഥയെ യൂദാ വിവരിച്ചിരിക്കുന്നതു് വായിക്കുക. തങ്ങളുടെ വാഴ്ച്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടു പോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു (യൂദാ 6).

വീണ്ടും യൂദയുടെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക. തങ്ങളുടെ നാണക്കേട് നുരച്ചുതള്ളുന്ന കൊടിയ കടൽതിരകൾ; സദാകാലത്തേക്കും അന്ധതമസു സൂക്ഷിച്ചു വെച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നേ (യൂദാ:13). ആത്മീയ ഗോളത്തിലെ ഇരുളും വെളിച്ചവും അനേക വേദഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അതു തമ്മിലുള്ള വൈരുദ്ധ്യങ്ങളേയും നമ്മെ മനസിലാക്കി തരുന്നുണ്ട്. എന്നാൽ ആവശ്യമായ പ്രകാശം ലഭിക്കുവാനായി നാം അവന്റെ സന്നിധിയിലേക്കു പ്രവേശിക്കണം. ഇസ്രായേൽ ജനം വസിച്ചിരുന്ന ഭാഗത്ത് വെളിച്ചവും മിസ്രയീം ജനം വസിച്ചിരുന്ന സ്ഥലത്ത് ഇരുട്ടും ആയിരുന്നു ഉണ്ടായിരുന്നത്. ദൈവവുമായ കൂട്ടായ്മ ഉള്ളടത്ത് പ്രകാശം ഉണ്ട്. ദൈവമില്ലാത്ത ഭാഗത്ത് അന്ധകാരമായിരിക്കും ഉണ്ടാവുക. ഇന്നു ലോകത്തിൽ ഇരുട്ടാണുള്ളത്. ആ ഇരുട്ടിൽ നിന്നും കർത്താവിന്റെ പരിജ്ഞാനത്താൽ വിളിച്ച് വേർതിരിച്ച് അവന്റെ രാജ്യത്തിൽ ആക്കിതീർക്കുന്നതോടെ നാം അത്ഭുത പ്രകാശം അനുഭവിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കുന്നവർക്കെ

ണ് പാപ മോചനം ലഭിക്കുന്നത്. അവരെയാണ് അവ ൻെറ രാജ്യത്തിൽ അവകാശികൾ ആക്കുന്നതു (കൊലൊസ്യർ 1:14).

ഒരു ദേശത്തിൻെറ ഒരു ഭാഗത്ത് ഒട്ടും പ്രകാശം ഇല്ലാതിരിക്കുന്നതുകൊണ്ട് കട്ടി പിടിച്ച ഇരുട്ടു പോലെ തോന്നും. പരസ്പരം കൂട്ടിമുട്ടിയാലേ അറിയൂ എന്ന നിലയിലുള്ള കൂരിരുട്ട് എന്നു തന്നെ പറയാം. അതേ ദേശത്തിൻെറ മറുഭാഗത്ത് ദൈവശക്തിയാൽ വെളിച്ചം മാത്രം ആണുള്ളത്. വളരെ അതിശയകരമായ ഒരു പ്രവർത്തിയാണിത്. വേർതിരിച്ചറിയാവുന്ന ദൈവത്തിൻെറ മഹത്വം നമുക്കീ സന്ദർഭത്തിൽ കാണാം. ജഡികമനുഷ്യരുടെ ഹൃദയം ഫറവോൻെറ ഹൃദയം പോലെ കഠിനപ്പെട്ടിരിക്കുന്നു. അവർക്കു യഥാർത്ഥ കാഴ്ച്ച ശക്തിയോ വിവേചനാ ബുദ്ധിയോ ഇല്ല. എന്നാൽ ആത്മിയ മനുഷ്യരുടെ ഹൃദയം മൃദുലമാണ്; ദൈവശക്തി നിറഞ്ഞതാണ്. അതുകൊണ്ട് അതിൽ ദൈവം വസിക്കുന്നു. വിശുദ്ധ ഹൃദയത്തിൽ മാത്രമെ വിശുദ്ധനായ ദൈവം വസിക്കയുള്ളു. മദ്യപിക്കുന്നവർ രാത്രിയിൽ മദ്യപിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇരുട്ടിൽ നടന്നു വീഴുന്നവരാണ് ലൗകിക മനോഭാവക്കാർ. പക്ഷെ ആത്മീയ സ്വഭാവക്കാർ ദൈവത്തിൻെറ മഹത്വകരമായ പ്രകാശത്തിലേക്കു അടുത്തു വരുന്നു.

പ്രിയ സ്നേഹിതാ, നിങ്ങൾ ഇരുട്ടിലാണോ വസിക്കുന്നത്. ആത്മിയ അന്ധത നീക്കം ചെയ്യു. സത്യ വെളിച്ചം നിങ്ങളിൽ പ്രകാശിക്കുവാൻ അവസരം ഒരുക്കുക. സത്യ വചനത്തെ സൗമ്യതയോടെ അനുസരിക്കുവാൻ തീരുമാനിക്കുക. പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക. യേശുക്രിസ്തുവിനെ ദൈവ പുത്രൻ എന്നു ഹൃദയം കൊണ്ട് വിശ്വസിച്ച് വായ്കൊണ്ടു ഏററു പറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്യുക. കർത്താവ്, അങ്ങനെ ചെയ്യു

മ്പോൾ നിങ്ങളെ അവന്റെ സഭയിലേക്കു ചേർക്കും. കർത്താവ് വസിക്കുന്ന അവന്റെ സഭയിലാണ് വെളിച്ചം ഉള്ളത്. നിങ്ങൾ വെളിച്ചമായി തീരുവാൻ കർത്താവിന്റെ കല്പനകൾ അനുസരിക്കുക.

★

# മാവു കൊണ്ടു മാത്രമുള്ള ഒരു കേക്ക്

## എഡ്ഢി ജിൽപിൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി സ്നാനപ്പെടുവിൻ (പ്രവൃത്തി 2:38). സ്നാനമേററു പാപങ്ങളെ കഴുകി കളയുക (പ്രവൃത്തി 22:16). ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുള്ളതാണ് സ്നാനം (റോമർ 6:4). ഇപ്പോൾ സ്നാനമോ നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21). സത്യം ഇങ്ങനെയിരിക്കെ, രക്ഷക്കു സ്നാനം വേണ്ട എന്നും രക്ഷിക്കപ്പെട്ടശേഷം സ്നാനപ്പെട്ടാൽ മതി എന്നും പറയുന്നതു ദൈവ നിയമ വിരുദ്ധമാണ്. കേക്ക് ഉണ്ടാക്കിയ ശേഷം അതിൽ വെള്ളം ചേർത്താൽ മതി എന്നു പറയുന്നതുപോലെയാണ് ഇതും. ദൈവ വചനത്തിൽ കൂട്ടുചേർക്കുവാനോ എന്തെങ്കിലും അതിൽ നിന്നു എടുത്തു മാററുവാനോ മനുഷ്യർക്കു അനുവാദമില്ല. ദൈവം പറഞ്ഞിരിക്കുന്നതെല്ലാം അതേപടി പ്രവർത്തിക്കുക എന്നതാണ് മനുഷ്യരുടെ കർത്തവ്യം.

വിശ്വാസം വന്നിട്ടു മാനസാന്തരപ്പെടണമോ, മാനസാന്തരപ്പെട്ടിട്ടു വിശ്വസിക്കണമോ എന്ന ചോദ്യം ഉണ്ടാകാം, വചനത്തിൽ കാണുന്ന മാതൃക തന്നെ നമുക്ക് എടുക്കാം.

യോഹന്നാൻ സ്നാപകനു ശേഷം യേശു പ്രസംഗിച്ച സന്ദർഭത്തിൽ പറഞ്ഞതു ''മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ'' എന്നാണ് (മർക്കൊസ് 1:15). അപ്പൊസ്തലന്മാരുടെ ഉപദേശങ്ങളിൽ നിന്നും വ്യക്തമാകുന്നതു അവർ, ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും ക്രിസ്തുയേശുവിലുള്ള വിശ്വാസത്തേയും ആണ് പ്രസംഗിച്ചത് എന്നത്രെ (പ്രവൃത്തി 20:21). ഇവിടെ പറയുന്ന ആളുകൾ ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നവരാണ്. പക്ഷെ അവർ പാപത്തിൽ ജീവിക്കുന്നു. അതുകൊണ്ടു അവർക്കു മാനസാന്തരം ആവശ്യമാണ്. അതായതു അവർ ദൈവത്തിങ്കലേക്കു തിരിയണം. ക്രിസ്തുവിൽ, സുവിശേഷത്തിൽ അവർ വിശ്വസിക്കണം. ദൈവത്തിൻെറ പുതിയ രക്ഷാ പദ്ധതിയിൽ അവർ വിശ്വസിക്കണം എന്നർത്ഥം. ദൈവത്തിൻെറ രക്ഷാ മാർഗ്ഗത്തെ വിശ്വസിക്കാതിരിക്കുന്നതു പാപമാണ്. അവർ മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കണം. അവർ സമുദായങ്ങളുടെ ആചാരം അനുഷ്ഠിച്ചാൽ പാപമോചനം കിട്ടും എന്നു വിശ്വസിക്കയാണ്. പക്ഷെ സാദ്ധ്യമല്ല. സമുദായമല്ല നമ്മെ രക്ഷിക്കുന്നതു ക്രിസ്തുവാണ്. മാനസാന്തരത്തിനും വിശ്വാസത്തിനും അടിസ്ഥാനം വേണം. ആ അടിസ്ഥാനം ദൈവ വചനം ആയിരിക്കണം (യോഹന്നാൻ 20:31; റോമർ 10:1).

അറിവോ വിശ്വാസമോ ഇല്ലാത്ത ഒരാൾ ഒന്നിൽ നിന്നും മററൊന്നിലേക്കു തിരിയുന്നില്ല. സത്യത്തിൻെറ പരിജ്ഞാനം എന്ന അടിസ്ഥാനത്തിന്മേൽ ഉണ്ടാകേണ്ട ഒന്നാണ് വിശ്വാസം. ക്രിസ്തുവിൻെറ വചനം എന്ന മാനദണ്ഡമാണ് നാം അതിനായി സ്വീകരിക്കേണ്ടത്. ക്രിസ്തുവിൻെറ സുവിശേഷം കേട്ട യഹൂദന്മാരിൽ ചിലർ ചോദിക്കയുണ്ടായി ''ഞങ്ങൾ എന്തു ചെയ്യേണ്ടു''? അവരുടെ ഉള്ളിൽ ദൈവദൂതു വിശ്വാസം സൃഷ്ടിച്ചു.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To